**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 621** **30-01-2024 - ൽ മറുപടിയ്ക്ക്**

**പുതുവൈപ്പിനിലും മുനമ്പത്തുമുള്ള വ്യവസായ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിനിലും മുനമ്പത്തും മെഗാ ഫുഡ് പാർക്കിന്റെ ഭാഗമായി അനുമതി ലഭിച്ച പതിനൊന്ന് കോടി രൂപയുടെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിൽ, പുതുവൈപ്പിനിൽ കെ.എസ്.ഐ.ഡി.സി.യുടെ ചേർത്തലയിലുള്ള മെഗാ ഫുഡ് പാർക്കിന്റെ ഭാഗമായി നിർമ്മിക്കുന്ന പ്രാഥമിക മൽസ്യ സംസ്ക്കരണ പ്ലാന്റിന്റെ നിലവിലുള്ള കരാറുകാരൻ 40% നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയതിനു ശേഷം കരാറിൽ നിന്നും പിന്മാറുകയും, കരാർ റദ്ദു ചെയ്തുകൊണ്ടുള്ള എഗ്രിമെന്റിൽ 15.09.2023 ൽ ഏർപ്പെടുകയും ചെയ്തു. ബാക്കി പൂർത്തീകരിക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് 7 കോടി രൂപയ്ക്കു തയ്യാറാക്കി കഴിഞ്ഞു. ഈ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭ്യമാക്കി മാർച്ച് 2024-ൽ ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണ്. പദ്ധതിയുടെ നിർമ്മാണം ഡിസംബർ 2024-ൽ പൂർത്തീകരിക്കാൻ കഴിയും എന്നു കരുതുന്നു.<br><br>കെ.എസ്.ഐ.ഡി.സി.യുടെ ചേർത്തലയിലുള്ള മെഗാ ഫുഡ് പാർക്കിന്റെ ഭാഗമായി മുനമ്പം ഹാർബറിൽ 75 സെന്റ് ഭൂമിയിൽ, ഓക്ഷൻ ഹാൾ, ഐസ് പ്ലാന്റ്, ലാബ് ഓഫീസ് കെട്ടിടം എന്നിവ നിർമ്മിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ മുനമ്പം ഹാർബർ മാനേജ്മെന്റ് സൊസൈറ്റി അനുവദിച്ച ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ അനുമതി ലഭ്യമായിട്ടില്ല. കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയം നിലവിൽ മെഗാ ഫുഡ് പാർക്ക് പദ്ധതികൾ നിർത്തലാക്കിയതിനാൽ നിർമ്മാണത്തിലുള്ള മെഗാഫുഡ് പാർക്കുകൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതുണ്ട്. ആയതിനാൽ പദ്ധതിക്കായി അനുവദിച്ച 50 കോടി രൂപ ഗ്രാന്റിൽ ബാക്കി ലഭിക്കേണ്ട തുക നഷ്ടപ്പെടാതിരിക്കുന്നതിനായി കേന്ദ്ര ഭക്ഷ്യസംസ്ക്കരണ മന്ത്രാലയത്തിന്റെ |

| | | | |
|---|---|---|---|
| | | | നിർദേശപ്രകാരം മുനമ്പം പദ്ധതിക്ക് പകരമായി നിലവിൽ നിർമ്മാണത്തിലിരിക്കുന്ന മറ്റു രണ്ടു പ്രാഥമിക മൽസ്യസംസ്കരണ ശാലകളുടെ കപ്പാസിറ്റി വർദ്ധിപ്പിച്ച് 2024-ൽ കെ.എസ്.ഐ.ഡി.സി. മെഗാഫുഡ് പാർക്ക് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പുതുവൈപ്പിനിൽ പാതിവഴിയിൽ നിലച്ചിരിക്കുന്ന നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് പുനരാരംഭിക്കാനും പൂർത്തിയാക്കാനും സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | പുതുവൈപ്പിനിൽ നിർമ്മിക്കുന്ന പ്രാഥമിക മൽസ്യ സംസ്കരണ പ്ലാന്റിന്റെ ഇനി പൂർത്തീകരിക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് 7 കോടി രൂപയുടേ തയ്യാറാക്കി കഴിഞ്ഞു. ഈ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭ്യമാക്കി മാർച്ച് 2024-ൽ ടെൻഡർ നടപടികൾ ആരംഭിക്കും. പദ്ധതിയുടെ നിർമ്മാണം ഡിസംബർ 2024-ൽ പൂർത്തീകരിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. |
| (സി) | മുനമ്പത്ത് മെഗാ ഫുഡ് പാർക്കിന്റെ പദ്ധതിയ്ക്കായി 75 സെന്റ് സ്ഥലം പാട്ടത്തിന് അനുവദിക്കുന്നതിനായുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (സി) | കെ.എസ്.ഐ.ഡി.സി.യുടെ ചേർത്തലയിലുള്ള മെഗാ ഫുഡ് പാർക്കിന്റെ ഭാഗമായി മുനമ്പം ഹാർബറിൽ 75 സെന്റ് ഭൂമിയിൽ ഓക്ഷൻ ഹാൾ, ഐസ് പ്ലാന്റ്, ലാബ് ഓഫീസ് കെട്ടിടം എന്നിവ നിർമ്മിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ മുനമ്പം ഹാർബർ മാനേജ്മെന്റ് സൊസൈറ്റി അനുവദിച്ച ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർമെന്റിന്റെ അനുമതി നാളിതു വരെ ലഭ്യമായിട്ടില്ലാത്തതിനാൽ പദ്ധതി ആരംഭിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | കെ.എസ്.ഐ.ഡി.സി.യുടെ ചേർത്തലയിലുള്ള മെഗാ ഫുഡ് പാർക്കിന്റെ ഭാഗമായി മുനമ്പം ഹാർബറിൽ 75 സെന്റ് ഭൂമിയിൽ ഓക്ഷൻ ഹാൾ, ഐസ് പ്ലാന്റ്, ലാബ് ഓഫീസ് കെട്ടിടം എന്നിവ നിർമ്മിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ മുനമ്പം ഹാർബർ മാനേജ്മെന്റ് സൊസൈറ്റി അനുവദിച്ച ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർമെന്റിന്റെ അനുമതി നാളിതു വരെ ലഭ്യമായിട്ടില്ലാത്തതിനാൽ പദ്ധതി ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ